പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3336 18.02.2013- ലെ മറുപടി

## ഗൾഫ് മലയാളികൾക്ക് നിയമസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികൾക്ക് നിയമസഹായം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ; | (എ) വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നോർക്ക വകുപ്പിൽ നിന്നും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശം ലഭിച്ചുകഴിഞ്ഞാൽ എംബസി തുടർനടപടികൾ സ്വീകരിച്ച് അവരെ മോചിപ്പിച്ച് വരികയാണ് ഇപ്പോൾ ചെയ്യുന്നത്. ആവശ്യമെങ്കിൽ അധികവിവരങ്ങൾ അവർ ഈ വകുപ്പിൽ നിന്നും വാങ്ങാറുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ജയിലിൽ അടയ്ക്കപ്പെട്ടതും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നതുമായ പ്രവാസികളെ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുന്നതിലേക്കായി എംബസ്സികളിൽ അഡ്വക്കേറ്റുകളെ നിയമസഹായം നൽകുന്നതിലേയ്ക്കായി ചുമതലപ്പെടുത്തുന്നതിനും, നോർക്ക – റൂട്ട്സിന്റെ കോൾ സെന്ററിൽ നിയമോപദേശം ലഭ്യമാക്കത്തക്ക രീതിയിൽ നിയമ വിദഗ്ധരുടെ സഹായം ലഭ്യമാക്കുന്നതിനും പീഡിതരായ വനിതകൾക്ക് എംബസിയിൽ എത്തിച്ചേരുന്നതിന് എംബസികൾ വഴി വാഹനങ്ങൾ ഏർപ്പാട് ചെയ്യുന്നതിനും ആണ് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ വിവിധ മലയാളി സംഘടനകൾ , വിദേശത്തുള്ള നോർക്ക – റൂട്ട്സിന്റെ റസിഡന്റ് റെപ്രസന്റേറ്റീവുകൾ കൺസൾട്ടന്റുകൾ , എന്നിവർ മുഖാന്തിരം നിയമസഹായം, കൗൺസിലിംഗ്, ബോധവത്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ആലോചനയുണ്ട്. |
| (ബി) നോർക്കയുടെ കീഴിൽ നിയമസഹായ സമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) നോർക്കയുടെ കീഴിൽ ഇപ്പോൾ നിയമസഹായസമിതികൾ പ്രവർത്തിക്കുന്നില്ല.. പ്രവാസി ലീഗൽ എയ്ഡ് സെൽ നടപ്പിൽ വരുന്ന മുറയ്ക്ക് ആവശ്യമെന്നുകാണുകയാണെങ്കിൽ നിയമസഹായ സമിതികൾ രൂപീകരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ